**പതിനാലാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനൊന്നാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2008-2011) യുടെ എട്ടാമത് റിപ്പോർട്ടിലടങ്ങിയ (കണ്ണൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്പോർട്സ് സ്കൂളിനെ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനൊന്നാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച
സമിതി (2008-2011) യുടെ എട്ടാമത് റിപ്പോർട്ടിന്മേലുള്ള
(കണ്ണൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്പോർട്സ്
സ്കൂളിനെ സംബന്ധിച്ച റിപ്പോർട്ട്)
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

1427/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : I | .. | 6 |
| അനുബന്ധം : II | .. | 9 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)യുടെ അദ്ധ്യക്ഷയായ ഞാൻ, സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി (സ്പോർട്സ്) സ്കൂളിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച പത്രവാർത്തകളുടെയും അനുപ്രകാരം സമിതി നടത്തിയ സന്ദർശനത്തിന്റെയും സമിതി മുമ്പാകെ ലഭിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിന്റെയും ഹോസ്റ്റലിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള ശിപാർശകൾ ഉൾപ്പെടുത്തി 2011 ഫെബ്രുവരി 16-ാം തീയതി സമിതി (2008-2011)യുടെ എട്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ഒക്ടോബർ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

## റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2008-2011)യുടെ എട്ടാമത് റിപ്പോർട്ട് 2011 ഫെബ്രുവരി 16-ന് സഭയിൽ സമർപ്പിച്ചു. കണ്ണൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി (സ്പോർട്സ്) സ്കൂളിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച പത്രവാർത്തകളുടെയും സമിതി നടത്തിയ സന്ദർശനത്തിന്റെയും സമിതി മുമ്പാകെ ലഭിച്ച പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 11 ശിപാർശകളാണ് ഉണ്ടായിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 22-2-2011-ന് പൊതുവിദ്യാഭ്യാസ വകുപ്പിന് അയച്ചിരുന്നു. പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് 13-8-2014, 6-5-2016 എന്നീ തീയതികളിലെ 13632/എസ്2/11/പൊ.വി. നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടുകൾ (അനുബന്ധമായി ചേർത്തിരിക്കുന്നു) യഥാക്രമം 12-11-2014, 14-9-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

എന്നാൽ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്. എന്നീ കായിക സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായും സ്പോർട്സ് കേന്ദ്രീകൃതമായ ഒരു ഘടനയും ഒരു തലവൻ മാത്രമുള്ള ഭരണ സംവിധാനവും സ്പോർട്സ് സ്കൂളുകൾക്ക് ആവശ്യമായതിനാലും സ.ഉ.(എംഎസ്.) നമ്പർ 47/2016/പൊ.വി. തീയതി 25-2-2016 പ്രകാരം ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി പ്രസ്തുത സ്കൂളുകൾ കായിക യുവജനകാര്യ വകുപ്പിന് കൈമാറിയതായി പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് 18-4-2018-ലെ എസ്2/100/2018/പൊ.വി.വ. നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചു. തുടർന്ന് കായികയുവജനകാര്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത സമിതി റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് കായികയുവജനകാര്യ വകുപ്പ് 19-8-2019-ലെ കത്തുമുഖേന ലഭ്യമാക്കുകയും ആയവ 9-10-2019-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ കായികയുവജനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

### ശിപാർശ 1

സ്പോർട്സ് ഹോസ്റ്റലിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച്, അടിയന്തര പ്രാധാന്യം നൽകി, കെട്ടിടം പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മൂന്ന് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 1-6-2019 മുതൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് വിഭാഗം പ്രവർത്തിക്കുന്നതിനായി രണ്ട് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ, ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

### ശിപാർശ 2

പാചകപ്പുര, പുതിയ ടോയ്‌ലറ്റുകൾ, ബാത്ത് റൂമുകൾ, വസ്ത്രങ്ങൾ ഉണക്കുവാനുള്ള ഷെഡ് എന്നിവ നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് സമയബന്ധിതമായി പണി പൂർത്തിയാക്കി അവ അന്തേവാസികൾക്കായി തുറന്നുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

1-6-2019 മുതൽ പ്രവർത്തനം ആരംഭിച്ച പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളിൽ ആവശ്യമായിട്ടുള്ള ബാത്ത് റൂമുകൾ ടോയ്‌ലറ്റുകൾ എന്നിവയും റൂഫ് ഫ്ലോറിൽ വസ്ത്രങ്ങൾ ഉണക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പാചകപ്പുര ആധുനികവൽക്കരിച്ചിട്ടുണ്ട്. (മോഡ്യൂലർ കിച്ചൺ)

### ശിപാർശ 3

പ്രസ്തുത സ്കൂളിലെ ശുദ്ധജലക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിനായി ഫലപ്രദമായ മാർഗ്ഗങ്ങൾ ഉടനടി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 1-6-2019-ൽ പ്രവർത്തനം ആരംഭിച്ച ഹോസ്റ്റൽ കെട്ടിടത്തിൽ 25,000 ലിറ്റർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കുന്ന രണ്ട് നില കെട്ടിടത്തിന്റെ ഭാഗമായി കുഴൽ കിണർ കുഴിക്കുന്നതിനും സ്റ്റോറേജ് ടാങ്ക് നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

### ശിപാർശ 4

കായികതാരങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്ക് ഔദ്യോഗിക സംവിധാനങ്ങളില്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി പ്രത്യേക വൈദ്യസഹായ പദ്ധതിയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്നും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ കായികയുവജനകാര്യ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

### ശിപാർശ 5

ഭക്ഷ്യ സാധനങ്ങളുടെ വില വർധിച്ചുവരുന്ന സാഹചര്യത്തിൽ ഡയറ്റ് ചാർജ്ജായി അനുവദിക്കുന്ന തുക കാലാനുസൃതമായി പരിഷ്കരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ ഡയറ്റ് ചാർജ് 150 രൂപയായി ഉയർത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികൾക്ക് ന്യൂട്രീഷൻ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി 7,18,96,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### ശിപാർശ 6

ഹോസ്റ്റലിലേക്ക് ആവശ്യമായ ഫർണിച്ചർ, ഫാനുകൾ, കൊതുകുവല, വാട്ടർ പ്യൂരിഫയർ, ജനറേറ്റർ, എക്സ്ഹോസ്റ്റ് ഫാൻ എന്നിവ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ, ഫാനുകൾ, കൊതുകുവല, വാട്ടർ പ്യൂരിഫയർ, ജനറേറ്റർ, എക്സ്ഹോസ്റ്റ് ഫാൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ 7

ടി സ്കൂളിലെ മെഡൽ ജേതാക്കൾക്ക്, മറ്റ് സ്കൂളിലെ അത്‌ലറ്റുകൾക്ക് നൽകുന്നതുപോലെ പ്രൈസ് മണി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അത് യഥാസമയം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ 8**

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരാണ് സ്കൂളിലെ കുട്ടികളിൽ ഭൂരിഭാഗവും എന്നതിനാൽ, മറ്റ് പിന്നോക്ക ജില്ലകളിലെ സ്കൂളുകൾക്ക് നല്കുന്നതുപോലെ ഈ സ്കൂളിലെ കുട്ടികൾക്കും സ്പോർട്സ് കിറ്റ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കായിക വകുപ്പ് കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ ഭരണ നിർവ്വഹണ ചുമതല ഏറ്റെടുത്തതിന് ശേഷം 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ ഡിവിഷനിലെ എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ സ്പോർട്സ് കിറ്റ് അനുവദിച്ചുനൽകിയിട്ടുണ്ട്.

**ശിപാർശ 9**

സ്പോർട്സ് സ്കൂളിന് സ്വന്തമായ ഒരു ട്രാക്ക് നിർമ്മിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കുട്ടികളെ മത്സരങ്ങൾക്ക് പങ്കെടുക്കുന്നതിനും മറ്റും കൊണ്ടുപോകുന്നതിനായി സ്വന്തമായി ഒരു വാഹനം വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് കണ്ണൂർ സ്പോർട്സ് സ്കൂളിൽ സ്ഥലം ലഭ്യമല്ല. എന്നാൽ സമീപത്തുള്ള കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ കോർട്ട് എന്നിവ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത സൗകര്യങ്ങൾ കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കുട്ടികൾക്കും പ്രയോജനപ്പെടുത്താൻ കഴിയും.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ, ജി.വി. രാജ സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 21.62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ 10

അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമായപ്പോൾ സ്പോർട്സ് ഹോസ്റ്റൽ ജില്ലാ പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ നൽകിയിരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും വിഭാഗത്തിന് നൽകിയാൽ മാത്രമേ ധനസഹായത്തിന് സമീപിക്കാവുന്ന ഒരു അധികാര കേന്ദ്രം സ്ഥാപിതമാവുകയുള്ളൂ. ആയതിനാൽ പ്രസ്തുത ഹോസ്റ്റലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ കായികയുവജനകാര്യാലയമാണ് ഹോസ്റ്റലിന്റെ ഭരണ നിർവ്വഹണ ചുമതല നിർവ്വഹിക്കുന്നത്.

## ശിപാർശ 11

നഗരത്തിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യവിരുദ്ധരുടെ ശല്യം പ്രസ്തുത ഹോസ്റ്റലിലെ കുട്ടികളും അനുഭവിക്കുന്നുണ്ട്. ആയതിനാൽ പെൺകുട്ടികൾ മാത്രമുള്ള ഹോസ്റ്റലിൽ അവരുടെ സുരക്ഷയ്ക്കായി അടിയന്തരമായി ഒരു സ്ഥിരം വാച്ച്മാൻ തസ്തിക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ആവശ്യമായ വാർഡൻമാരെ നിയമിച്ചിട്ടുണ്ട്.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

അനുബന്ധം I

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

നം.13632/എസ്2/11/പൊ.വി

തിരുവനന്തപുരം
തീയതി 13.08.2014

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം

സർ,

വിഷയം :പൊതുവിദ്യാഭ്യാസം- സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2008-2011) യുടെ 8-മത് റിപ്പോർട്ടിലെ ശുപാർശകളിൻ മേൽ നടപടി - ഇടക്കാല മറുപടി - സംബന്ധിച്ച്.

സൂചന : 1) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26.12.13 -ലെ ഡബ്ല്യു1/ 74443/2011 നമ്പർ കത്ത്.
2) നിയമസഭാ സെക്രട്ടേറിയേറ്റിന്റെ 05.05.14-ലെ കത്ത്.

........................

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിയമസഭാ സമിതി ആവശ്യപ്പെട്ട വിഷയങ്ങളിൽ ഇതുവരെയായും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്ന പ്രകാരമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

1. സ്പോർട്സ് ഹോസ്റ്റലിന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിനും പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നതിനുമുണ്ടായ കാലതാമസമാണ് നിർമ്മാണം വൈകുന്നതിന് ഇടയാക്കിയിട്ടുള്ളത്. 2014 ജൂൺ മാസത്തിനു മുമ്പ് പണി പൂർത്തിയാക്കുന്നതാണ് എന്നും പ്രസ്തുത എസ്റ്റിമേറ്റിൽ ഗ്രൗണ്ട് ഫ്ളോറിന്റെ സ്ട്രക്ച്ചർ പൂർത്തിയാക്കുന്നതിനു മാത്രമാണ് ഫണ്ട് ലഭ്യമായത് എന്നും ടോയ്‌ലറ്റ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങിയ പ്രവൃത്തികൾക്ക് ഫണ്ട് വകയിരുത്തിയിട്ടില്ല എന്നും ആയതിനാൽ ടോയ്‌ലറ്റ്, കളിമുറി, വൈദ്യുതി, പ്ലംബിംഗ് എന്നിവയ്ക്ക് തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ 1- ാം നില,

2 - ാം നില എന്നിവയുടെ നിർമ്മാണത്തിന് 2 കോടി രൂപ അനുവദിക്കുന്നതിന് (എഞ്ചിനീയറുടെ നിർ ദ്ദേശാനുസരണം കണക്കാക്കിയ തുക) വിശദമായ എസ്റ്റിമേറ്റ് പിന്നീട് സമർപ്പിക്കുന്നതാണ് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) വസ്ത്രങ്ങൾ ഉണക്കുന്നതിന് ശ്രീ.കെ.സുധാകരൻ .എം.പി, അനുവദിച്ച ഷെഡ്, പുതിയ കെട്ടിടത്തിന്റെ (മൂന്ന് നിലകൾ) പണി പൂർത്തീകരിച്ചാൽ മാത്രമെ നിർമ്മിക്കുന്നതിനു സാധിക്കുകയുള്ളു എന്നും (താൽക്കാലിക ഡ്രൈയിംഗ് ഷെഡ് പി.ടി.എ കമ്മിറ്റി നിർമ്മിച്ചിട്ടുണ്ട്) ടോയ്-ലറ്റുകളുടെയും , കളിമുറികളുടെയും അപര്യാപ്തത പുതിയ കെട്ടിടം പണി പൂർത്തിയായാൽ പരിഹരിക്കപ്പെടുന്നതാണ് എന്നും പാചകപ്പുരയിൽ പുതിയ പുകശല്യമില്ലാത്ത അടുപ്പും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് തുക അനുവദിക്കേണ്ടതാണ് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) കുടിവെള്ളത്തിന് കിണർ, വാട്ടർ അതോറിറ്റി കണക്ഷൻ എന്നിവ ഇപ്പോൾ ലഭ്യമാണ് എന്നും ശുദ്ധജലവിതരണത്തിന് പൈപ്പുകളും ടാങ്കുകളും മാറ്റി സ്ഥാപിക്കുന്നതിന് തുക അനുവദിക്കണമെന്നും മാലിന്യനിർമ്മാർജ്ജനത്തിന് ഒരു ഇൻസിനേറ്റർ പി.ടി.എ കമ്മിറ്റി സ്ഥാപിച്ചിട്ടുണ്ട് എന്നും കായികതാരങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്ക് സംവിധാനമില്ല എന്നും മൂന്ന് കിലോമീറ്റർ അകലെയുള്ള കണ്ണൂർ ജില്ലാ ആശുപത്രിയിലാണ് കുട്ടികൾക്ക് ചികിൽസ ലഭ്യമാക്കുന്നത് എന്നും കുട്ടികളുടെ ആരോഗ്യപരിപാലനത്തിനുവേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനു ഒരു നഴ്സിന്റെ സേവനം വിട്ടുനൽകണം എന്നും മെഡിക്കൽ അലവൻസായി ഒരു കുട്ടിയ്ക്ക് വർഷത്തിൽ 2000 രൂപ (രണ്ടായിരം രൂപ മാത്രം) അനുവദിക്കണമെന്നും ആരോഗ്യ ഇൻഷ്വറൻസിന് പദ്ധതികളൊന്നുമില്ലാ -ത്തതിനാൽ ഉചിതമായ പദ്ധതികൾ സർക്കാർ തലത്തിൽ ഏർ-പ്പെടുത്തണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അത്യാവശ്യത്തിനുള്ള ഫാൻ, പി.ടി.എ കമ്മിറ്റി സ്ഥാപിച്ചിട്ടുണ്ട്. ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രവർത്തിപ്പിക്കാനുള്ള ഇന്ധനച്ചെലവ് പി.ടി.എ കമ്മിറ്റി വഹിക്കുന്നു എന്നും ഫർണീച്ചർ, കൊതുകുവല എന്നിവ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

4) മെഡൽ ജേതാക്കൾക്ക് ജനറൽ വിഭാഗത്തിലുള്ള കുട്ടികൾക്ക് ലഭിക്കുന്നതുപോലെ പ്രൈസ് മണി ലഭിക്കുന്നുണ്ട്. 8,9,10 ക്ലാസിലെ കുട്ടികൾക്ക് 1500/- രൂപാ വീതം പോക്കറ്റ് മണി ലഭിക്കുന്നുണ്ട്. എന്നാൽ വി.എച്ച്.എസ്.ഇ കുട്ടികൾക്കു കൂടി പോക്കറ്റ് മണി കൊടുക്കേണ്ടതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. സ്പോർട്സ് ഡിവിഷൻ കുട്ടികൾക്ക് സ്പോർട്സ് കിറ്റ് അനുവദിക്കേണ്ടതാണ് എന്നും കുട്ടികളെ മൽസരത്തിന് കൊണ്ടുപോകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഒരു വാഹനം വാങ്ങണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

5) കായിക മൽസരങ്ങൾക്ക് ആധുനിക പരിശീലനം നൽകുന്നതിന് സിന്തറ്റിക് ട്രാക്കും, ഇൻ-ഡോർ സ്റ്റേഡിയവും അത്യാവശ്യമാണ് എന്നും ഇതിനാവശ്യമായ തുക അനുവദിക്കേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

6) സ്പോർട്സ് ഹോസ്റ്റൽ അധികാരം ജില്ലാ പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ നൽകണമെന്ന നിർ -ദ്ദേശം പ്രാവർത്തികമായിട്ടില്ല എന്നും സ്കൂൾ നഗരസഭയുടെ പരിധിയിലായതിനാൽ ഹോസ്റ്റലിന്റെ അധികാരവും കണ്ണൂർ നഗരസഭയ്ക്ക് നൽകുന്നത് നല്ലതായിരിക്കും എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സ്ഥിരം തസ്തികകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്നും കായിക ഉപകരണങ്ങളുടെ അഭാവം കുട്ടികളുടെ പരിശീലനത്തെ ബാധിക്കുന്നുണ്ട് എന്നും എല്ലാ വിഭാഗങ്ങൾക്കും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് അനുവദിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ പോക്കറ്റ് മണി 1000/- രൂപയിൽ നിന്നും 1500/- രൂപയായി 13.06.13-ലെ സ.ഉ (സാധാ) നം.2426/13/പൊ.വി. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ് 26.02.14-ലെ സ.ഉ (സാധാ) നം.1056/14/പൊ.വി. പ്രകാരം 90 രൂപയിൽ നിന്നും 120രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ ശുപാർശകൾ പാലിക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. നിർ-ദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർ-ദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

കെ. ഷൈലശ്രീ
ജോയിന്റ് സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

അനുബന്ധം II

ഭരണ ഭാഷ മാതൃഭാഷ

**കേരള സർക്കാർ**

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

നം.13632/എസ്2/11/പൊ.വി

തിരുവനന്തപുരം
തീയതി 06.05.2016

**അഡീഷണൽ ചീഫ് സെക്രട്ടറി**

**സെക്രട്ടറി**
**കേരള നിയമസഭ**
**തിരുവനന്തപുരം**

**സർ,**

വിഷയം :പൊതുവിദ്യാഭ്യാസം- സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2008-2011) യുടെ 8-മത് റിപ്പോർട്ടിലെ ശുപാർശകളിൻ മേൽ നടപടി - ഇടക്കാല മറുപടി - സംബന്ധിച്ച്.

സൂചന : 1) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ എഞ്ചിനീയറിംഗ് ലെയ്സൺ ഓഫീസറുടെ 16.05.15 -ലെ അർദ്ധ ഔദ്യോഗിക കത്ത് നം. ഡബ്ല്യു1/ 74443/2011/ഡി.പി.ഐ നമ്പർ കത്ത്.
2) കേരള നിയമ സഭാ സെക്രട്ടറിയുടെ 01.12.15 -ലെ 16294/ ഡബ്ല്യു സി & പി.എച്ച്.എ 2/2008 /നി.സെ. നമ്പർ കത്ത്.

.....................................

സൂചന നാലിലെ കത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിയമസഭാ സമിതി ആവശ്യപ്പെട്ട വിഷയങ്ങളിൽ ഇതുവരെയും സ്വീകരിച്ച നടപടികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ശ്രീമതി. ബിന്ദു.ആർ, എഞ്ചിനീയറിംഗ്

1427/14

ലെയ്സൺ ഓഫീസർ, ലഭ്യമാക്കിയിരിക്കുന്ന ശുപാർശകൾ എന്നിവ ചുവടെ ചേർക്കുന്നു.

**എഞ്ചിനീയറിംഗ് ലെയ്സൺ ഓഫീസറുടെ ശുപാർശകൾ**

1. സ്പോർട്സ് ഹോസ്റ്റലിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ നിർമ്മാണ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ടോയ്-ലറ്റ്, ഇലക്ട്രിഫിക്കേഷൻ, പ്ലബ്ബിംഗ് എന്നീ പ്രവൃത്തികൾ കൂടി പൂർത്തിയാക്കിയാലേ കുട്ടികൾക്ക് ഗ്രൗണ്ട് ഫ്ളോർ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അടിയന്തിരമായും 30 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു. (പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർ നൽകിയ കണക്ക്) ഇത് കഴിഞ്ഞ ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുള്ള രണ്ടരക്കോടിയുടെ പ്രവൃത്തി തുടങ്ങുവാൻ ആവശ്യമായ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും (CE/VL/PL3/KNR/10000/2014 dated 08.01.2015) വി.എച്ച്.എസ്.സി ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

2. പാചകപ്പുരയിൽ പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ചിട്ടില്ല.

3. കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാകുന്നതിന് നിലവിലുള്ള പൈപ്പുകളും ടാങ്കുകളും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിന് ഏകദേശം 5 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. മാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദമായ പദ്ധതികൾ

നടപ്പിലാക്കേണ്ടതുണ്ട്. ഇരുന്നൂറോളം പെൺകുട്ടികൾ പഠിക്കുന്ന ഹോസ്റ്റലിൽ ആരോഗ്യ പ്രശ്നങ്ങളും അസുഖങ്ങളും നിത്യസംഭവമാണ്. ആയതിനാൽ ഒരു സ്ഥിരം നേഴ്സിന്റെ സേവനം എങ്കിലും ലഭ്യമാക്കാൻ നടപടി ഉണ്ടാകണം. ഒരു കുട്ടിക്ക് രണ്ടായിരം രൂപ വീതം വർഷത്തിൽ മെഡിക്കൽ അലവൻസ് അനുവദിക്കണം. ആയിനത്തിൽ 3,80,000/- രൂപ ആവശ്യമായി വരും ഹോസ്റ്റലിലെ 190 കുട്ടികൾക്ക് പഠിക്കാൻ മേശയും കസേരയും, കൊതുകുവലയും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ് ഇതിന് ഏതാണ്ട് ആറ് ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

4. മെഡൽ ജേതാക്കൾക്ക് എച്ച്.എസ്, വി.എച്ച്.സി ഭേദമില്ലാതെ പ്രൈസ് മണി ലഭ്യമാക്കണം. നിലവിലെ ആയിരം രൂപ 3000/- രൂപയായി ഉയർത്തണം. സ്പോർട്സ് ഡിവിഷൻ വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റ് അനുവദിക്കേണ്ടതാണ്. ഇതിന് ആറ് ലക്ഷം രൂപയോളം വരുമെന്ന് പ്രതീക്ഷിക്കുന്നു.

5. കായിക മൽസരങ്ങൾക്ക് ആധുനിക പരിശീലനം നൽകുന്നതിന് സിന്തറ്റിക് ട്രാക്കും, ഇൻഡോർ സ്റ്റേഡിയവും അത്യാവശ്യമാണ്. എന്നാൽ മാത്രമേ നമ്മുടെ കുട്ടികൾക്ക് മറ്റുള്ളവരുമായി മൽസരിച്ച് ഉയർന്ന നിലയിൽ എത്താൻ സാധിക്കുകയുള്ളൂ. മതിയായ കോച്ചിന്റെ അഭാവം അവരുടെ പ്രകടനത്തെ ബാധിക്കുന്നുണ്ട്.

6. സ്പോർട്സ് ഹോസ്റ്റലിന്റെ അധികാരം ജില്ലാ പഞ്ചായത്തിനോ, മുൻസിപ്പാലിറ്റിക്കോ കൈമാറിയാൽ കുറേകൂടി മെച്ചപ്പെട്ട രീതിയിൽ

സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് കരുതുന്നു. ഇതിന് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ഹോസ്റ്റലിലും, പരിശീലനത്തിനും സ്ഥിരം തസ്തികകൾ അനുവദിക്കുകയും പരിശീലനത്തിന് കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും വേണം.

7. 190 പെൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലിൽ സ്ഥിരം ഡെപ്യൂട്ടി വാർഡനോ സെക്യൂരിറ്റിയോ ഇല്ല. ഇത് അച്ചടക്കത്തേയും സുരക്ഷിതത്വത്തേയും ഗുരുതരമായി ബാധിക്കുന്നു. ആയതിനാൽ ഒരു ഡെപ്യൂട്ടി വാർഡനേയും സ്വീപ്പറേയും സെക്യൂരിറ്റി ജീവനക്കാരനേയും അടിയന്തിരമായി നിയമിക്കാൻ ആവശ്യപ്പെട്ടിരുന്നു. 64658/എസ്2/14/പൊ.വി. ഉത്തരവ് പ്രകാരം കുടുംബശ്രീ/ എക്സ് സർവ്വീസ് മാൻ ഓർഗനൈസേഷൻ എന്നിവയിൽ നിന്ന് അസിസ്റ്റന്റ് വാർഡൻ, ആർ.റ്റി.സി.എം വാച്ച്മാൻ എന്നീ തസ്തികകളിലേയ്ക്ക് ആളെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

8. കുട്ടികളുടെ പോക്കറ്റ് മണിയും, മെസ് അലവൻസും വർഷാവർഷം ഉണ്ടാകുന്ന വിലവർദ്ധനവ് കണക്കിലെടുത്ത് പുനർ നിർണ്ണയിക്കുന്നതിന് നടപടി ഉണ്ടാകണം. കൂടാതെ പാചക തൊഴിലാളികളെ സ്ഥിരം തസ്തികയിൽ നിയമിക്കുകയും ഹോസ്റ്റലിന് ആവശ്യമായ മെയിന്റനൻസ് ഗ്രാന്റ് വർഷം തോറും അനുവദിക്കുകയും വേണം.

## സ്വീകരിച്ചിട്ടുള്ള നടപടികൾ

നിലവിൽ സ്കൂളിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ നിർമ്മിച്ച രണ്ട് വോളിബോൾ കോർട്ട്, രണ്ട് ബാസ്കറ്റ് ബോൾ കോർട്ട്, ഒരു സാൻഡ് കോർട്ട് എന്നിവയും ഒരു ജിംനേഷ്യവും ഉണ്ട്. സ്കൂളിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ആവശ്യവും ഉണ്ട്.

1. സ.ഉ(സാധാ)നം.2426/13/പൊ.വി. പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി നൽകി വരുന്ന ധനസഹായം 1500/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നൽകുന്നില്ല.

2. സ്പോർട്സ് ഡിവിഷനിലെ ഹോസ്റ്റലിലെ സ്ഥലപരിമിതിയാണ് മറ്റൊരു പ്രശ്നം. പുതിയ ഹോസ്റ്റൽ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ഇത് പൂർത്തീകരിക്കുന്നതോടെ ഹോസ്റ്റലിലെ സ്ഥലപരിമിതി വിഷയവും പരിഹരിക്കുവാൻ കഴിയും. എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ച് പുതിയ ടോയ് ലറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.

3. മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളിൽ നിന്നും കണ്ണൂർ സ്പോർട്സ് ഡിവിഷനായി 01.09.2015 -ലെ

സർക്കാർ ഉത്തരവ് (ആർ.ടി) നം.220/2015/ കാ.യു.വ പ്രകാരം പെഡസ്റ്റൽ ഫാൻ, റെഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ, വാട്ടർ ഹീറ്റർ, കബോർഡുകൾ, സ്റ്റീൽ കോട്ട്, മാട്രസ്സസ്, ബെഡ്ഷീറ്റ്, പില്ലോസ്, മിറർ, ബക്കറ്റ്, ക്ലോത്ത് ഹാങർ, വിൻഡോ കർട്ടൻ എന്നിവ അനുവദിച്ചിട്ടുണ്ട്.

4) 05.09.2014 -ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 3567/2014/പൊ.വി.വ പ്രകാരം സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 8 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ ഈ തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല.

5) 05.04.16 സ.ഉ (ആർ.റ്റി) നം.1323/16/പൊ.വി. പ്രകാരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം ഗവ.വി.എച്ച്.എസ്.എസ് കണ്ണൂർ എന്നീ രണ്ടു സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി 10.40 കോടി രൂപ '4202-01-800-91' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിച്ചുത്തരവായിട്ടുണ്ട്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായതുകൊണ്ട് അധിക ധനാഭ്യർത്ഥന മുഖേന ഫണ്ട് ലഭ്യമാക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയച്ചിരിക്കുകയാണ്.

6) 'റീ ഡിപ്ലോയ്മെന്റ് ' വ്യവസ്ഥയിൽ ആവശ്യമായ പരിശീലകരെ ലഭ്യമാക്കുന്നതിന് സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് സ്പോർട്സ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്പോർട്സ് സ്കൂളുകൾക്ക് പ്രത്യേക കരിക്കുലം രൂപവൽക്കരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരുന്നതായി എസ്.സി.ഇ.ആർ.ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾക്ക് കൂടുതൽ മികച്ച ഭരണസംവിധാനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ പരിഹരിയ്ക്കുക. മികച്ച പരിശീലനസംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുക എന്നിങ്ങനെ സ്പോർട്സ് സ്കൂളുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂൾ മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ (വി.എച്ച്.എസ്.എസ് എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾ ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടി വകുപ്പ് തലത്തിൽ നടത്തിയ ചർച്ചകളുടെ ഫലമായി പ്രസ്തുത സ്കൂളുകൾ സ.ഉ(എം.എസ്) നം.47/2016/പൊ.വി. തീയതി 25.02.2016 പ്രകാരം സ്പോർട്സ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

വിശ്വസ്തതയോടെ

രാജേന്ദ്രൻ നായർ.എ
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.